പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – 131 22. 03. 2013- ലെ മറുപടി

## യു.എ.ഇ.യിൽ പൊതുമാപ്പ് പ്രകാരം ശിക്ഷാ ഇളവ് ലഭിക്കുന്ന മലയാളികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) യു. എ. ഇ. യിൽ പൊതുമാപ്പ് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ അവിടെയുള്ള മലയാളികളെ നാട്ടിലെത്തിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) യു. എ. ഇ. യിൽ അനധികൃതമായി താമസിക്കുന്ന വിദേശികൾക്ക് നിയമപരമായി രാജ്യംവിടാൻ അവസരം നൽകുന്നതിനായി പൊതുമാപ്പ് പ്രഖ്യാപിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് മലയാളികൾക്ക് എല്ലാതരത്തിലുള്ള സേവനങ്ങളും സഹായവും നൽകുന്നതിനായി യു. എ. ഇ. യിലെ ഇന്ത്യൻ അംബാസിഡർക്കും കേന്ദ്രവിദേശകാര്യമന്ത്രാലയം, കേന്ദ്ര പ്രവാസികാര്യമന്ത്രാലയം എന്നിവയ്ക്കും വിശദമായ അടിയന്തിര സന്ദേശങ്ങൾ അയച്ചിരുന്നു. എമർജൻസി സർട്ടിഫിക്കറ്റിനു വേണ്ടിവരുന്ന ഫീസും അർഹരായ നിർദ്ധനരായ ഇ. സി. ആർ കാറ്റഗറിയിലെ പ്രവാസികൾക്ക് മറ്റ് രീതിയിൽ ടിക്കറ്റ് ലഭ്യമായിട്ടില്ലെങ്കിൽ മടക്കയാത്രക്ക് വേണ്ടിവരുന്ന വിമാനയാത്രാകൂലി മടക്കി നൽകുന്നതിന് സംസ്ഥാന സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) ഏത് ഏജൻസിയുടെ മേൽനോട്ടത്തിലാണ് ഇതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) യു. എ. ഇ. യിലെ ഇന്ത്യൻ എംബസിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും ബി.എൽ .സി ഏജൻസിയുടെ 14 ഓഫീസുകൾ യു. എ. ഇ. യിൽ വിവിധ ഇടങ്ങളിൽ തുറന്ന് ആവശ്യമായ ഉപദേശവും രേഖകളും നൽകി. കേരളത്തിൽ നോർക്ക വകുപ്പിന്റെ നിർവഹണ ഏജൻസിയായ നോർക്ക – റൂട്ട്സിനെയാണ് മേൽനോട്ടം വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. |

(സി) ഇത് സംബന്ധിച്ച് ആരെല്ലാമായി ചർച്ച നടത്തിയാണ് നടപടികൾ സ്വീകരിക്കുന്നത്;

(സി) ഇത് സംബന്ധിച്ച് യു. എ. ഇ. യിലെ ഇന്ത്യൻ എംബസിയുമായി ചർച്ചകൾ നടത്തുന്നതിനും പ്രവാസി മലയാളികളുടെ തിരിച്ചുവരവ് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി നോർക്ക – റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ഇന്ത്യൻ നയതന്ത്രകാര്യാലയത്തിലേക്ക് അയച്ച് ചർച്ചകൾ നടത്തുകയുണ്ടായി..

(ഡി) മലയാളികളെ മടക്കിക്കൊണ്ടു വരുവാൻ വേണ്ട ചെലവ് ആരാണ് വഹിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

(ഡി) പൊതുമാപ്പ് പ്രയോജനപ്പെടുത്തി തിരികെ വരുന്ന നിർദ്ധനരായ മലയാളികൾക്ക് സൗജന്യമായി വിമാനടിക്കറ്റ് പ്രമുഖ വ്യക്തികൾ /സ്ഥാപനങ്ങൾ / സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ സമാഹരിച്ച് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. ഇതിനുപുറമെ അർഹരായ നിരാലംബർക്ക് ഇന്ത്യൻ എംബസിയും ടിക്കറ്റ് നൽകിയിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ ലഭ്യമാകാത്ത ഇ. സി. ആർ കാറ്റഗറിയിലെ ഗുണഭോക്താക്കൾക്ക് വിമാനയാത്രാക്കൂലിയിനത്തിൽ ചെലവായ തുക മടക്കി നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഔട്ട്പാസ്/ പാസ്പോർട്ട് റിന്യൂവൽ ഫീസായ 60 + 9 ദിർഹം വഹിക്കുന്നതിനും സംസ്ഥാന സർക്കാർ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ച് ബന്ധപ്പെട്ട ഓഫീസുകളിലേക്ക് അയച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ